# കേരള സർക്കാർ

## പൊതുഭരണ (ഏകോപന) വകുപ്പ്

നം.32873/സി.ഡി.എൻ.1/07/പൊ.ഭ.വ          തീയതി, തിരുവനന്തപുരം, 18.4.2007.

## <u>സർക്കുലർ</u>

വിഷയം:- പൊതുഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ധനസമാഹരണം ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന'സാന്ത്വനം' ഭാഗ്യക്കുറിയുടെ വിജയകരമായ നടത്തിപ്പിന് അദ്ധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സഹകരണം സംബന്ധിച്ച്.

.......

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ധനസമാഹരണം നടത്തുകയെന്ന ലക്ഷ്യത്തോടെ 'സാന്ത്വനം' എന്ന പേരിൽ സംസ്ഥാന സർക്കാർ ഒരു പ്രത്യേക ബമ്പർ ഭാഗ്യക്കുറി നടത്തുന്നുണ്ട്. യഥാസമയം ചികിത്സാ സഹായം കിട്ടാതെ വലയുന്ന നിർദ്ധനരും നിരാലംബരുമായ രോഗികൾ, ഉറ്റവരുടെ മരണം മൂലം അനാഥരാകുന്ന കുടുംബങ്ങൾ, അത്യാഹിതങ്ങളിലും അപകടങ്ങളിലും പെട്ട് കൊടിയ യാതന അനുഭവിക്കുന്നവർ, പ്രകൃതി ക്ഷോഭവും മറ്റ് ദുരന്തങ്ങൾ മൂലവും ജീവിതത്തിലെ സർവ്വസ്വവും നഷ്ടപ്പെടുന്നവർ, കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർ, ചിക്കൻ ഗുനിയ തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ച് മരണമടഞ്ഞവരുടെ കുടുംബങ്ങൾ എന്നിങ്ങനെ സമൂഹത്തിലെ വിവിധ ശ്രേണിയിലുള്ള ഹതഭാഗ്യർക്ക് ധനസഹായം നല്കുന്നത് പ്രധാനമായും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ്. അർഹതയുള്ള എല്ലാവർക്കും ധനസഹായം ലഭ്യമാക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിപുലപ്പെടുത്തി, പരമാവധി ധനം സ്വരൂപിക്കേണ്ടതുണ്ട്. ആ ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന 'സാന്ത്വനം' ഭാഗ്യക്കുറിയുടെ വിജയകരമായ നടത്തിപ്പിന്, മറ്റെല്ലാ ജനവിഭാഗങ്ങളോടൊപ്പം, സർക്കാർ /അർദ്ധ സർക്കാർ /പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും സർവ്വാത്മനായുള്ള സഹകരണം പ്രതീക്ഷിക്കുന്നു. ടിക്കറ്റൊന്നിന് 25 രൂപ വിലയുള്ള സാന്ത്വനം ഭാഗ്യക്കുറിക്ക്, ആകർഷകമായ നിരവധി സമ്മാനങ്ങളും സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്.

കൊടിയ ദുരിതമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് താങ്ങും തണലും നല്കാനുള്ള യത്നത്തിൽ പങ്കാളികളാകുന്നു എന്ന ചാരിതാർത്ഥ്യത്തോടെ, അദ്ധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ /അർദ്ധ സർക്കാർ /പൊതുമേഖലാ സ്ഥാപനങ്ങളിലെ

ജീവനക്കാർ ഓരോരുത്തരും കുറഞ്ഞത് 100 രൂപയുടെ ടിക്കറ്റെങ്കിലും വാങ്ങി 'സാന്ത്വനം' ഭാഗ്യക്കുറി വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാരും ജില്ലാ കളക്ടർമാരും അർദ്ധ സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ മേധാവികളും പ്രസ്തുത അഭ്യർത്ഥന അവരുടെ നിയന്ത്രണത്തിലുള്ള ജീവനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ഈ സംരംഭം പൂർണ്ണ വിജയമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്.

**തോമസ് സി. ജോർജ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ഗവർണ്ണറുടെ സെക്രട്ടറിയ്ക്ക്
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും ജില്ലാ കളക്ടർമാർക്കും.
എല്ലാ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും.
ഇൻഫർമേഷൻ ആൻറ് പബ്ളിക് റിലേഷൻസ് ഡയറക്ടർക്ക്. (മാധ്യമങ്ങളിലൂടെ ആവശ്യമായ പ്രചരണം നൽകുന്നതിന്)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി/കൊച്ചിൻ യൂണിവേഴ്സിറ്റി/ കാലിക്കട്ട് യൂണിവേഴ്സിറ്റി/ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി/ശ്രീ ശങ്കര സംസ്കൃത യൂണിവേഴ്സിറ്റി/കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി.
സെക്രട്ടറി, കെ.എസ്.ഇ.ബി. തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം.
നിയമം ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
സ്പീക്കർ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്.
നികുതി (എച്ച്) വകുപ്പിന്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ